(ബി) കഴിഞ്ഞ വർഷം ഈ സമയത്ത് ജലസംഭരണികളിലുണ്ടായിരുന്ന വെള്ളത്തിന്റെ ലെവലിനേക്കാൾ ഇതെത്രകണ്ട് കുറവോ കൂടുതലോ ആണ്;

(സി) ജലസംഭരണികളിലെ ജലത്തിന്റെ കുറവ് പരിഗണിച്ച് പവർകട്ടോ ലോഡ്ഷെഡ്ഡിംഗോ ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) 7-7-2005-ൽ സംസ്ഥാനത്ത് വൈദ്യുതി ബോർഡിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ജലസംഭരണികളിലുംകൂടി 781.92 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമുണ്ട്. ഇത് ആകെ സംഭരണശേഷിയുടെ 20.35 ശതമാനം മാത്രമാണ്. റിസർവോയർ സ്റ്റാറ്റിസ്റ്റിക്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) കഴിഞ്ഞ വർഷം ഇതേ തീയതിയിലെ ജലസംഭരണവുമായി താരതമ്യപ്പെടുത്തുമ്പോൾ 874.42 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളത്തിന്റെ കുറവുണ്ടായിട്ടുണ്ട്.

(സി) ഇല്ല.

ഭക്ഷ്യോൽപ്പന്നങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി

174 [188] *ഡോ. കെ. സി. ജോസഫ്:*
ശ്രീ. സി. കെ. നാണു:
,, എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായി ആവശ്യമുള്ള ഭക്ഷ്യോൽപ്പന്നങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നതിനും, വിതരണം നടത്തുന്നതിനും, ആവശ്യമായ ഒരു പദ്ധതിക്ക് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാർ ഭക്ഷ്യോൽപ്പന്നങ്ങൾ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം കേന്ദ്രപൂളിൽനിന്ന് അനുവദിക്കുന്ന സമ്പ്രദായം നിലവിൽ ഉണ്ടോയെന്ന് വെളിപ്പെടുത്താമോ;

† അനുബന്ധം VIII.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സർക്കാർ ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ എത്ര ടൺ ഭക്ഷ്യോൽപ്പന്നങ്ങൾ സംഭരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരളത്തിൽ നിലവിലുള്ള പൊതുവിതരണ സമ്പ്രദായത്തിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ 20 ഗോഡൗണുകൾ മുഖാന്തിരമാണ് പൊതു വിതരണത്തിനാവശ്യമായ അരിയും ഗോതമ്പും സംഭരിച്ച് വിതരണം നടത്തുന്നത്. കേരളത്തിലെ നെൽക്കർഷകരെ സഹായിക്കുന്നതിനായി കർഷകരിൽ നിന്ന് കർഷക സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവ സംഭരിക്കുന്ന നെല്ല്, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്ത് അരിയാക്കി പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്ക് 4-6-2005-ലെ G.O.(Ms.) No. 22/2005/FCS & CAD പ്രകാരം സർക്കാർ അംഗീകാരം നൽകുകയും മേൽപ്പറഞ്ഞ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 'വികേന്ദ്രീകൃത സംഭരണ പദ്ധതി' സംസ്ഥാനത്ത് നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരുമായി ധാരണാപത്രത്തിൽ ഒപ്പിടുകയും ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്രപൂളിൽനിന്ന് സഹായം ലഭിക്കുന്നതായി അറിവില്ല.

(സി) നെല്ല് സംഭരണത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇതുവരെ 137839.41 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്.

സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ ശുപാർശകൾ

175 [189] *ശ്രീ. എ. കെ. ബാലൻ:*
„ *ടി. കെ. ദേവകുമാർ:*
„ *എം. വി. ജയരാജൻ:*
„ *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതിന് കോസ്റ്റ് ടു സെർവ് മാനദണ്ഡം സ്വീകരിക്കണമെന്ന് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മിഷൻ നിഷ്കർഷിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം വൈദ്യുതിനിരക്കുകൾ നിശ്ചയിച്ചാൽ ഇന്നത്തെ നിലയിൽ ഗാർഹിക ഉപഭോക്താക്കൾ, ഗ്രാമീണ മേഖലയിലെ ഉപഭോക്താക്കൾ, കാർഷിക ഉപഭോക്താക്കൾ തുടങ്ങിയവരുടെ വൈദ്യുതിനിരക്കുകൾ എത്രയായിരിക്കുമെന്ന് ഗവൺമെന്റ് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly